LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങൾ

142 [3032] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങളിൽ എത്ര തുക വീതം സർക്കാർ ഓഹരി പങ്കാളിത്തം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങൾ ഓരോന്നിന്റെയും നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന തീയതികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതികളിലേക്ക് സർക്കാർ പ്രതിനിധികളെ നോമിനേറ്റ് ചെയ്തിട്ടുണ്ടോ;

(ഡി) കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങളുടെ ഭരണ സമിതികളിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്തവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തം സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ബി) നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന തീയതികൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) കേന്ദ്ര അപ്പക്സ് സഹകരണ സംഘങ്ങളുടെ ഭരണസമിതികളിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്തവരുടെ പേരു വിവരം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.†

സഹകരണ സംഘങ്ങളുടെ വികസനത്തിന് ധനസഹായം

143 [3033] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തനത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സർക്കാർ ധനസഹായം യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും സംഘത്തിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതം നല്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ദുർബലവും, എന്നാൽ ശക്തി ആർജ്ജിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് സർക്കാർ കരുതിയതുമായ ഏതെങ്കിലും സംഘത്തിന് പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കിയിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എന്തു തുക വീതം ഏതെല്ലാം സംഘങ്ങൾക്ക് നല്കുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

2001-2002-ൽ ഇല്ല.

2002- 2003 (തുക ലക്ഷത്തിൽ)

1.	കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷൻ, തിരുവനന്തപുരം.	..	100.425
2.	കേരള സംസ്ഥാന സഹകരണ ഇൻഫ്രാ സ്ട്രക്ച്ചറൽ & ലീസിംഗ് ഫൈനാൻഷ്യൽ സർവ്വീസ്, തിരുവനന്തപുരം	..	35.00
3.	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻസ് (കോസ്ടെക്), തിരുവനന്തപുരം.	..	23.20
	ആകെ	..	158.625
	2003-2004	..	ഇല്ല.
	2004-2005 (15-3-05 വരെ)	..	ഇല്ല.

(സി) ഉണ്ട്.

(ഡി) 2001-2002 (തുക ലക്ഷത്തിൽ)

1.	തിരുവനന്തപുരം താലൂക്ക് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം.	..	22.75
2.	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് പരിയാരം, കണ്ണൂർ.	..	212.80
	ആകെ	..	235.55

2002-2003 (തുക ലക്ഷത്തിൽ)

1.	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് പരിയാരം, കണ്ണൂർ.	..	146.25

LIBRARY ARCHIVES Kerala Legislative Assembly